"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്-കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.969/2022/LSGD** തീയതി,തിരുവനന്തപുരം, 19-04-2022

---

**ഉത്തരവ്**

പരാമർശം :- സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 പ്രവർത്തന മാർഗ്ഗനിർദേശങ്ങൾ

കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0, 2021 ഒക്ടോബർ 1-ന് നിലവിൽ വന്നിട്ടുണ്ട്. 2021 ഒക്ടോബർ 1 മുതൽ 2026 ഒക്ടോബർ 1 വരെയാണ് മിഷൻ കാലാവധി. രാജ്യത്തെ എല്ലാ നഗരങ്ങളെയും മാലിന്യ മുക്തമാക്കുക എന്നുള്ളതാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ കോർപ്പറേഷനുകളും നഗരസഭകളും പദ്ധതി ലക്ഷ്യങ്ങൾ സമയബന്ധിതമായി കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് ഇതോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു. ഈ കാലയളവിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നഗരങ്ങളു് സ്റ്റാർ റേറ്റിംഗ് നേടിയെടുക്കുന്നത് ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എൻജിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Barikumar

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

<u>അനുബന്ധം I</u>

## <u>സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ</u>

കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ(നഗരം) 2.0, 2021 ഒക്ടോബർ 1-ന് നിലവിൽ വന്നിട്ടുണ്ട്. 2021 ഒക്ടോബർ 1 മുതൽ 2026 ഒക്ടോബർ 1 വരെയാണ് മിഷൻ കാലാവധി. രാജ്യത്തെ എല്ലാ നഗരങ്ങളെയും മാലിന്യ മുക്തമാക്കുക എന്നുള്ളതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതായിട്ടുണ്ട്.

- വീട്ടുകളിലെയും, സ്ഥാപനങ്ങളിലെയും മാലിന്യം ജൈവം, അജൈവം (പേപ്പർ,ഗ്ലാസ്സ്,പ്ലാസ്റ്റിക്ക്,ഗാർഹിക ആപത്കര മാലിന്യങ്ങൾ,പ്രത്യേകം പൊതിഞ്ഞ സാനിട്ടറി മാലിന്യങ്ങൾ ഉൾപ്പടെ) തരം തിരിക്കുക
- തരംതിരിച്ച മാലിന്യങ്ങളുടെ 100% വാതിൽപ്പടി ശേഖരണം
- എല്ലാത്തരം മാലിന്യങ്ങളുടേയും 100% ശാസ്ത്രീയമായ സംസ്കരണം,പരിപാലനം
- പരമ്പരാഗത മാലിന്യ നിക്ഷേപങ്ങളുടെ ശാസ്ത്രീയമായ നീക്കം ചെയ്യൽ ( legacy waste dumpsite)
- കക്കൂസ് മാലിന്യം, ഉപയോഗിച്ച ജലം എന്നിവയുടെ സുരക്ഷിതമായ സംസ്കരണം

### <u>പദ്ധതി ഘടകങ്ങൾ</u>

<u>I. സുസ്ഥിര ഖരമാലിന്യസംസ്കരണം (Sustainable Waste Management)</u>

ഖരമാലിന്യ സംസ്കരണ ഘടകത്തിൽ അനുവദനീയമായ ഇനങ്ങൾ ചുവടെ ചേർക്കുന്നു

- എം.ആർ.എഫ്.
- ട്രാൻസ്ഫർ സ്റ്റേഷനുകൾ
- കമ്പോസ്റ്റിംഗ് പ്ലാന്റുകൾ
- ബയോമെഥനേഷൻ പ്ലാന്റുകൾ
- ആർ.ഡി.എഫ് സംസ്കരണ സംവിധാനങ്ങൾ(5 ലക്ഷത്തിനു മുകളിൽ ജനസംഖ്യയുള്ള നഗരങ്ങൾ)
- പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണ സംവിധാനങ്ങൾ
- വേസ്റ്റ് ടു ഇലക്ട്രിസിറ്റി പ്ലാന്റുകൾ (10 ലക്ഷത്തിന് മേൽ ജനസംഖ്യയുള്ള നഗരങ്ങളോ,ക്ലസ്റ്ററുകളോ ആണ് വേസ്റ്റ് ടു ഇലക്ട്രിസിറ്റി പ്ലാൻറ് നിർമ്മിക്കാൻ ധനസഹായത്തിന് അർഹമായിട്ടുള്ളത്)
- സാനിട്ടറി ലാൻറ് ഫില്ലുകൾ.

1. പരമ്പരാഗത മാലിന്യ ഡംപ് സൈറ്റുകളുടെ ശാസ്ത്രീയമായ നീക്കം ചെയ്യൽ
2. യന്ത്രവത്ക്കരണ സ്വീപ്പിംഗ് മെഷീനുകൾ വാങ്ങൽ,കൺസ്ട്രക്ഷൻ & ഡിമോളിഷിംഗ്,മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കൽ (5 ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള നഗരങ്ങൾക്ക് ബാധകം. തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി നഗരങ്ങളാണ് അർഹരായിട്ടുള്ളത്).

<u>സുസ്ഥിര ശുചിത്വം (Sustainable Sanitation )</u>

1. വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ
2. സാമൂഹിക ശൗചാലയങ്ങൾ

3. പൊതു ശൗചാലയങ്ങൾ
4. അനാരോഗ്യകരമായ വ്യക്തിഗത ശൗചാലയങ്ങളുടെ റിട്രോഫിറ്റിംഗ്

<u>II. മലിനജല പരിപാലനം (Used Water Management) (1 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങളിൽ)</u>

1. ഡീസ്ലഡ്ജിംഗ് ഉപകരണങ്ങൾ
2. ഡ്രെയിനുകളുടെ ഇന്റർസെപ്ഷൻ & ഡൈവേർഷൻ
3. എസ്.റ്റി.പി, എസ്.റ്റി.പിയോടു കൂടിയ എഫ്.എസ്.റ്റി.പി കളുടെ നിർമ്മാണം

<u>III.. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ</u>

"മാലിന്യ മുക്ത നഗരം" എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ വേണ്ടി ബഹുജന പങ്കാളിത്തത്തോടെ പൊതുജനങ്ങളിൽ അറിവ് സൃഷ്ടിക്കുക, ശുചിത്വ ശീലങ്ങൾ സൃഷ്ടിക്കുക.

<u>iV. ശേഷീ വികസനം</u>

മിഷൻ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ ശേഷീ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സ്വച്ഛ് ഭാരത് മിഷൻ(നഗരം) 2.0 മുഖേന ലഭ്യമാകുന്ന ഫണ്ടിനൊപ്പം 15-ാം ധനകാര്യ കമ്മീഷൻ ഗ്രാൻറ്, നഗരസഭാ വിഹിതം സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം എന്നിവയും ഉപയോഗിക്കാവുന്നതാണ്.

**<u>മിഷൻ കാലാവധി അവസാനത്തോടെ ലക്ഷ്യമിടുന്ന നേട്ടങ്ങൾ</u>**

- എല്ലാ നഗരങ്ങളും മാലിന്യ മുക്ത പദവിയിലെ 3 സ്റ്റാർ റേറ്റിംഗ് കൈവരിക്കുക
- വലിയ നഗരങ്ങളിൽ കോർപറേഷൻ ഉൾപ്പടെ 5 നഗരങ്ങളിലെങ്കിലും ഈ കായലയളവിൽ 5 സ്റ്റാർ റേറ്റിംഗ് ലഭിച്ചിരിക്കണം
- എല്ലാ നഗരങ്ങളും ഒ.ഡി.എഫ്+ പദവി കൈവരിക്കുക
- ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങൾ ഒ.ഡി.എഫ്++ പദവി കൈവരിക്കുക
- ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങളിൽ 50% നഗരങ്ങളെങ്കിലും വാട്ടർ+ പദവിയിൽ എത്തിച്ചേരുക

**<u>മുന്നൊരുക്ക പ്രവർത്തനങ്ങൾ</u>**

സംസ്ഥാനങ്ങൾക്ക് സ്വച്ഛ് ഭാരത് മിഷൻ(നഗരം) 2.0 പദ്ധതിയിൽ പങ്കാളികളാകുന്നതിന് താഴെ പറയുന്ന മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്.

- സ്റ്റേറ്റ് ജി.ഡി.പിക്ക് അനുസൃതമായി ആനുകാലിക വർദ്ധനവോടെ പ്രോപ്പർട്ടി ടാക്സ് ഫ്ളോർ റേറ്റ് നിശ്ചയിക്കുക
- പ്രവർത്തനചെലവ് കണ്ടെത്തുന്നതിനായി നഗരസഭ നൽകുന്ന ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലെ സേവനങ്ങൾക്ക് ആനുപാതിക വർദ്ധനവോടെ "യൂസർ ഫീ" നിശ്ചയിക്കുകയും ശേഖരിക്കുകയും ചെയ്യുക
- പി.എഫ്.എം.എസ് നടപ്പിലാക്കുക

**<u>നഗരസഭാതലത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ</u>**

- പ്രവർത്തനചെലവ് കണ്ടെത്തുന്നതിനായി നഗരസഭ നൽകുന്ന ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലെ സേവനങ്ങൾക്ക് ആനുപാതിക വർദ്ധനവോടെ "യൂസർ ഫീ" നിശ്ചയിക്കുകയും

ശേഖരിക്കുകയും ചെയ്യുക. "ടേക്ക് എ ബ്രേക്ക്" പദ്ധതിയിൽ മാർഗ്ഗ നിർദ്ദേശത്തിൽ നിഷ്കർഷിക്കും പ്രകാരം പൊതുശൗചാലയങ്ങളുടെ ഉപയോഗത്തിന് യൂസർ ഫീസ് നിശ്ചയിക്കാവുന്നതാണ്. മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണത്തിനായി ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾക്ക് നിശ്ചിച്ച "യൂസർ ഫീ" നിരക്ക് അവലംബിക്കാവുന്നതാണ്

- പി.എഫ്.എം.എസ് നടപ്പിലാക്കുക
- ഖരമാലിന്യ സംസ്കരണ ആക്ഷൻ പ്ലാനുകൾ,സിറ്റി സാനിട്ടേഷൻ ആക്ഷൻ പ്ലാൻ പാർട്ട് I, സിറ്റി സാനിട്ടേഷൻ ആക്ഷൻ പ്ലാൻ പാർട്ട് II, ഐ.ഇ.സി ആക്ഷൻ പ്ലാൻ,കപ്പാസിറ്റി ബിൽഡിംഗ് ആക്ഷൻ പ്ലാൻ എന്നിവ തയ്യാറാക്കി സമയബന്ധിതമായി സംസ്ഥാന ശുചിത്വ മിഷനിൽ ലഭ്യമാക്കുകയും,ആയത് 'സ്വച്ഛതം' പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുകയും ചെയ്യേണ്ടതാണ്. 2022 മാർച്ച് 31 നകം ഈ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്.
- മാലിന്യ സംസ്കരണ പദ്ധതികൾക്കായി ഡി.പി.ആറുകൾ തയ്യാറാക്കുക
- സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 യുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക

**<u>വ്യക്തിഗത ഗാർഹിക ശൗചാലയം നൽകുന്നതിന് അർഹരായിട്ടുള്ളവർ</u>**

- പുതിയ സ്വതന്ത്ര കുടുംബം
- നഗരപ്രദേശത്തേക്ക് കുടിയേറിയവർ
- മുൻകാലങ്ങളിൽ സാമൂഹിക ശൗചാലയം ഉപയോഗിച്ചിരുന്നവർ
- അനാരോഗ്യകരമായ ശൗചാലയം ഉള്ളവർ

ഗ്യാപ്പ് അനാലിസിസ് നടത്തി ഗുണഭോക്താക്കളെ നഗരസഭ കണ്ടെത്തേണ്ടതാണ്. മുൻകാല പദ്ധതികളിൽ വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടുള്ളവർ ഈ പദ്ധതിയിൽ ആനുകൂല്യത്തിന് അർഹരല്ല.

**<u>ആസ്പിറേഷണൽ ടോയിലറ്റുകൾ</u>**

ധാരാളമായി ആളുകൾ എത്തിച്ചേരുന്ന വിനോദ സഞ്ചാരകേന്ദ്രങ്ങൾ,ഐക്കോണിക്ക് നഗരങ്ങൾ,മതപരമായി പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ആസ്പിറേഷണൽ ടോയ്‌ലറ്റ് നിർമ്മിക്കാവുന്നതാണ്. ഇതിന് സീറ്റിന് 2,50000/- (രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ വരെ ഉപയോഗിക്കാവുന്നതാണ്. (അനുബന്ധം II ൽ ഉൾപ്പെടുത്തിയിരിക്കുന്ന പട്ടിക 2 ൽ പരാമർശിക്കും പ്രകാരം വിവിധ വിഹിതങ്ങൾ വകയിരുത്താവുന്നതാണ്). ആസ്പിറേഷണൽ ടോയ്‌ലറ്റുകളിൽ താഴെ പറയുന്ന മാനദണ്ഡങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

- ഭിത്തികളും,തറയും വൃത്തിയായും,കറകളുടാതെയും സൂക്ഷിക്കുക
- ശിശുസൗഹാർദ്ദ ടോയ്‌ലറ്റ് സീറ്റുകൾ ഉണ്ടായിരിക്കുക
- ടോയ്‌ലറ്റിന് സമീപം ചെടികൾ വച്ച് പിടിപ്പിക്കുക
- വരുമാനം ലഭിക്കുന്നതിനായി പരസ്യങ്ങൾക്കായി സ്ഥലം നീക്കി വയ്ക്കുക
- ഹാൻഡ് ഡ്രൈയർ/പേപ്പർ നാപ്കിൻ ലഭ്യമാക്കുക
- സ്ത്രീകൾക്കുള്ള ശൗചാലയങ്ങളിൽ നാപ്കിൻ വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുക
- പത്തിലധികം ടോയ്‌ലറ്റ് സീറ്റുകൾ ഉണ്ടെങ്കിൽ നാപ്കിൻ ഇൻസിനററ്ററുകൾ സ്ഥാപിക്കുക
- എസ്.എം.എസ് ബേയ്സ് ഫീഡ് ബാക്ക് സിസ്റ്റം ഉണ്ടായിരിക്കണം
- ടോയ്‌ലറ്റ് ഐഡൻറിഫിക്കേഷൻ നമ്പർ നഗരസഭകളുടെ പേര്, വാർഡ് നമ്പർ,മെയിന്റനൻസ് അതോറിറ്റി, എസ്.എം.എസ് അയക്കുവാനുള്ള നമ്പർ ഇവ ടോയ്‌ലറ്റ് ബ്ലോക്കിൽ രേഖപ്പെടുത്തിയിരിക്കണം

**അനുബന്ധം II**

**<u>പദ്ധതി ഘടകങ്ങൾക്കുള്ള ഫണ്ട് വിഹിതം</u>**

**<u>പട്ടിക 1</u>**

<u>പൊതു ശൗചാലയം/കമ്മ്യൂണിറ്റി ശൗചാലയം/യൂറിനൽ/ദ്രവ/ഖരമാലിന്യ സംസ്കരണ ഘടകങ്ങൾക്കുള്ള ഫണ്ട് വകയിരുത്തൽ</u>

| നഗരസഭ | കേന്ദ്രവിഹിതം | സംസ്ഥാനവിഹിതം | നഗരസഭാവിഹിതം |
|---|---|---|---|
| 1-10 ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങൾ | 33% | 22% | 45% |
| 1 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങൾ | 50% | 33% | 17% |

**<u>ഖര-ദ്രവ മാലിന്യ സംസ്കരണ ഘടകങ്ങൾക്കുള്ള പ്രത്യേക നിബന്ധനകൾ</u>**

- 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യയാണ് പദ്ധതി നിർവ്വഹണത്തിന് പരിഗണിക്കുക.
- ഖരമാലിന്യ സംസ്കരണ പദ്ധതികൾക്കുള്ള അടങ്കൽ തുക 605/- (അറുനൂറ്റി അഞ്ച് രൂപ മാത്രം) രൂപ പ്രതിശീർഷകം എന്ന തോതിൽ പരമാവധി അനുവദനീയമാണ്.
- ദ്രവ മാലിന്യ സംസ്കരണ ഘടകങ്ങളുടെ അടങ്കൽ തുക കണക്കാക്കുന്നത് പ്രതി ശീർഷക തുകയുടെ പരിധി ചുവടെ പറയും പ്രകാരമാണ്.

| നഗര ജനസംഖ്യ | സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്കും ഇന്റർസെപ്ഷൻ സംവിധാനങ്ങൾക്കും പ്രതിശീർഷക നിരക്കിന്റെ പരമാവധി പരിധി |
|---|---|
| 50000-99,999 | 3000 രൂപ |
| 20000-49,999 | 2000 രൂപ |
| 10000-19,999 | 2000 രൂപ |
| 5000-9999 | 2000രൂപ |
| <5000 | 2000 രൂപ |

**പട്ടിക 2**

**ശുചിത്വ പദ്ധതി ഘടകവും,ഫണ്ട് വിഹിതവും**

| ഘടകങ്ങൾ | | വകയിരുത്താവുന്ന തുക രൂപ | | | |
|---|---|---|---|---|---|
| | | കേന്ദ്രവിഹിതം | സംസ്ഥാനവിഹിതം | നഗരസഭാവിഹിതം | ആകെ |
| വ്യക്തിഗത ഗാർഹിക ശൗചാലയം | | 4000/- | 2667/- | 8733/- | 15400/- |
| കമ്മ്യൂണിറ്റി ടോയ്‌ലറ്റ്/ പബ്ലിക് ടോയ്‌ലറ്റ് (സീറ്റ് ഒന്നിന്) | 1 ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള നഗരങ്ങൾ | 49500/- | 33000/- | 67500/- | 150000/- |
| | 1 ലക്ഷത്തിന് താഴെ ജനസംഖ്യയുള്ള നഗരങ്ങൾ | 75000/- | 49500/- | 25500/- | 150000/- |
| യൂറിനൽ (സീറ്റ് ഒന്നിന്) | 1 ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള നഗരങ്ങൾ | 10560/- | 7040/- | 14400/- | 32000/- |
| | 1 ലക്ഷത്തിന് താഴെ ജനസംഖ്യയുള്ള നഗരങ്ങൾ | 16000/- | 10560/- | 5440/- | 32000/- |